**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2535** **05.11.2019-ൽ മറുപടിക്ക്**

**തൊഴുക്കൽ 110 കെ.വി. സബ് സ്റ്റേഷൻ**

| | ചോദ്യം<br>ശ്രീ. കെ. ആൻസലൻ | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര തൊഴുക്കലിൽ സ്ഥാപിക്കുന്ന 110 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; നിലവിൽ ഏതെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാൻ ഉണ്ടോ യെന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര തൊഴുക്കലിൽ പ്രവർത്തിച്ചുവരുന്ന 66 കെ.വി. സബ്സ്റ്റേഷൻ 2019 ഏപ്രിലിൽ 110 കെ.വിയായി ഉയർത്തിയിട്ടുണ്ട്. സബ്സ്റ്റേഷന്റെ മൊത്തം ശേഷി ആഗസ്റ്റ് 2019 മുതൽ 25 എം.വി.എ (25 MVA) ആണ്. (12.5 എം.വി.എ ശേഷിയുള്ള രണ്ട് ട്രാൻസ്ഫോർമറുകൾ) താഴെപറയുന്ന തുടർ പ്രവൃത്തികൾ നടന്നു വരുന്നു.<br>(i) 12.5 എം.വി.എ ശേഷിയുള്ള മൂന്നാമത്തെ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി.<br>(ii) സബ്സ്റ്റേഷനുള്ളിലെ റോഡിന്റെ ടാറിംഗ്. |
| (ബി) | തൊഴുക്കൽ 110 കെ.വി. സബ് സ്റ്റേഷൻ പ്രവൃത്തി പൂർത്തീകരിക്കാൻ എത്ര കോടി രൂപയാണ് വേണ്ടത് എന്ന് വ്യക്തമാക്കാമോ; | (ബി) | തൊഴുക്കൽ 110 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണവും പാറശ്ശാല മുതൽ നെയ്യാറ്റിൻകര വരെയുള്ള 66 കെ.വി.ലൈൻ 110 കെ.വി ആയി ഉയർത്തുന്നതും ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കുള്ള അടങ്കൽതുക 20 കോടി രൂപയാണ്. |
| (സി) | പ്രസ്തുത സബ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ വൈദ്യുതിയുടെ പ്രയോജനം ഏതൊക്കെ പ്രദേശത്താണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | തൊഴുക്കൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, പെരുങ്കടവിള, കൊല്ലയിൽ, ചെങ്കൽ, കാരോട്, തിരുപുറം, കോട്ടുകാൽ എന്നീ പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ